**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1971** — **04.11.2019-ൽ മറുപടിക്ക്**

## ടൈപ്പിസ്റ്റ് ഗ്രേഡ്-II റാങ്ക് ലിസ്റ്റ്

**ചോദ്യം**

ശ്രീമതി. വീണാ ജോർജ്ജ്

**ഉത്തരം**

**പിണറായി വിജയൻ**

**മുഖ്യമന്ത്രി**

| | | | |
|---|---|---|---|
| (എ) | കമ്പനി/കോർപ്പറേഷൻ/ ബോർഡ്/ സൊസൈറ്റീസ് എന്നിവിടങ്ങളിൽ ധാരാളം ടൈപ്പിസ്റ്റ് തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഒഴിവുകൾ അടിയന്തിരമായി റിപ്പോർട്ട് ചെയ്യുന്നതിന് നിർദ്ദേശം നൽകുമോ; | (എ) | വിവിധ വകുപ്പുകൾ/ കമ്പനി/ കോർപ്പറേഷൻ/ബോർഡ്/ സൊസൈറ്റീസ് എന്നിവിടങ്ങളിൽ ഉണ്ടാകുന്ന നിലവിലുള്ളതും / പ്രതീക്ഷിതവുമായ ഒഴിവുകൾ സമയബന്ധിതമായി പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ നിയമനാധികാരികൾക്കും / വകുപ്പ് മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. സർക്കാർ നിർദ്ദേശം നടപ്പിലാക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിനായി വിവിധ കാര്യാലയങ്ങളിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് വിഭാഗം നേരിട്ട് പരിശോധനകളും നടത്തുന്നുണ്ട്. കൂടാതെ 2020 കലണ്ടർ വർഷത്തെ പ്രതീക്ഷിത ഒഴിവുകൾ മുൻകൂട്ടി റിപ്പോർട്ട് ചെയ്യുവാൻ 20.09.2019 ലെ ഉപസി3/101/2019/ഉഭപവ നമ്പർ പരിപത്രത്തിലൂടെ എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത തസ്തികയിലേയ്ക്ക് കാറ്റഗറി നമ്പർ 451/2016 പ്രകാരം നടത്തിയ പി.എസ്.സി. പരീക്ഷയുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിൽ ഉണ്ടാകുന്ന കാലതാമസം എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | (ബി) യും (സി) യും | റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ കേരളപബ്ളിക് സർവ്വീസ് കമ്മീഷനിൽ അന്തിമ ഘട്ടത്തിലാണ്. |
| (സി) | ടി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനും പ്രസ്തുത തസ്തികകളിലെ ഒഴിവുകൾ നികത്തുന്നതിനും അടിയന്തിര നിർദ്ദേശം നൽകുമോയെന്ന് വെളിപ്പെടുത്താമോ? | | |

സെക്ഷൻ ഓഫീസർ